കൈത്തറിയുടെ കാനേഷുമാരി

*240 (261) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, കെ. പി. രാമൻ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ദേശീയ തലത്തിൽ നടക്കുന്ന കൈത്തറിയുടെ കാനേഷുമാരി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എന്നു മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ;

(സി) മേൻമയേറിയതും വില കുറഞ്ഞതുമായ കൈത്തറി തുണി ഉൽപ്പാദിപ്പിക്കാൻ ഗവൺമെൻറ് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ് :

(എ) ഉണ്ട്.

(ബി) കേന്ദ്ര കൈത്തറി ഡവലപ്പ്മെൻറ് കമ്മീഷണർ നിർദ്ദേശിക്കുന്ന തീയതികളിൽ ഇത് നടപ്പിലാക്കുന്നതാണ്.

(സി) & (ഡി) ഉണ്ട്. ഗുണനിലവാരം ഉയർന്നതും വിലകുറഞ്ഞതുമായ തുണി ഉൽപ്പാദനമാണ് ജനതാ തുണി ഉൽപ്പാദന പദ്ധതികൊണ്ടു ഉദ്ദേശിക്കുന്നത്. ഇതിൽപ്പെടുത്തി സെറുമുണ്ട്, നേര്യത്, ചെക്ക്സാരി, കളർസാരി, ചെക്ക് ഷർട്ടിംഗ് എന്നിങ്ങനെ പുതിയ ഇനങ്ങൾകൂടി ഉൽപ്പാദിപ്പിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജനതാ തുണിത്തരങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു കൈത്തറി വികസന കോർപ്പറേഷനേയും കൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

"സുസ്മാൻ" എന്ന പേരിൽ കൈത്തറി പോളിസ്റ്റർ ഷർട്ടിംഗും സൂട്ടിംഗും ഉൽപ്പാദിപ്പിക്കുവാനും പരിപാടിയുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ദേശീയതലത്തിൽ എന്ത് ഉദ്ദേശത്തിലാണ് ഇത്തരത്തിലുള്ള ഒരു സർവ്വേ നടത്തിയത്; എന്താണ് ഇതിൻറെ ഉദ്ദേശം?

ശ്രീ. ഇ. അഹമ്മദ് : ഇതിൽ കാനേഷുമാരിയെ സംബന്ധിച്ചാണ് പറഞ്ഞത്. കാനേഷുമാരി നടത്താൻ ഇൻഡ്യാ ഗവൺമെൻറ് ആഗ്രഹിച്ചത് ഇൻഡ്യയിൽ കൈത്തറിയെ സംബന്ധിച്ചുള്ള ഒരു ഡാറാ ബാങ്ക് ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അത് നടത്തേണ്ടതു കേന്ദ്ര കൈത്തറി ഡവലപ്പ്മെൻറ് കമ്മിഷൻ നിർദ്ദേശിക്കുന്ന തീയതികളിലാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : കേരളത്തിൽ സർവ്വേ നടപ്പിലാക്കാതിരിക്കാൻ പ്രത്യേകമായ വല്ല കാരണവുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : കേരളത്തിൽ ഈ സർവ്വേ കാസർകോട് മുതൽ കൊല്ലം വരെയുള്ള ജില്ലകളിൽ നടന്നു കഴിഞ്ഞു. ഞാൻ ഇതിന് മുൻപ് ഈ സഭയിൽ പറഞ്ഞതു പോലെ തിരുവനന്തപുരം ജില്ലയിൽ ഈ സർവ്വേ നടത്താതിരിക്കുന്നത് കോടതിയുടെ ഒരു നിരോധന ഉത്തരവു കൊണ്ടാണ്. ആ ഉത്തരവ് കോടതി പിൻവലിച്ചാൽ ഉടനെ തന്നെ ഇത് നടത്താം.

ശ്രീ. പി. എം. അബ്ദുബേക്കർ : മേൻമയേറിയതും, വിലകുറഞ്ഞതുമായ കൈത്തറി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഗവൺമെൻറ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ പദ്ധതികളും എന്തെല്ലാമാണ്. മുൻപ് വിദേശങ്ങളിൽപ്പോലും വളരെ പ്രചാരത്തിലുണ്ടായിരുന്ന ''ബ്ലീഡിംഗ്'' മദ്രാസ് പോലുള്ള തുണിത്തരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. ഇ. അഹമ്മദ് : ഇൻഡ്യാ ഗവൺമെൻറ് കൈത്തറിയുടെ സംരക്ഷണത്തിന് വേണ്ടി 22 ഐറ്റംസ് റിസർവ്വ് ചെയ്തിരിക്കുകയാണ്. അതോടൊപ്പം തന്നെ 'സി' ഉത്തരത്തിന് മറുപടി പറഞ്ഞതുപോലെ വില കുറഞ്ഞ ജനതാ സാരി ഉൽപ്പാദിപ്പിക്കാൻവേണ്ടി ഗവൺമെൻറ് സഹായം നൽകുന്നുണ്ട്. അതിൽ ഇപ്പോഴും കൂടുതൽ വെറൈറ്റീസ് ഉൾപ്പെടുത്തിയിരിക്കുകയാണ്. സെറ് മുണ്ട്, തോർത്ത്, ഷർട്ടിംഗ് ഡബിൾ വേഷ്ടി തുടങ്ങിയവയൊന്നും മുൻപ് ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഇപ്പോൾ സെറ് മുണ്ട്, കളർ സാരി അതുപോലെ തന്നെ ബ്ലീച്ചിഡ് സിംഗിൾ ധോത്തി ഇതെല്ലാം ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇത് ഉൽപ്പാദിപ്പിക്കാനാണ് ഗവൺമെൻറ് നടപടികൾ സ്വീകരിക്കുന്നത്.

ശ്രീ. കെ. പി. രാമൻ : നല്ലയിനം ചായവും, നൂലും ലഭ്യമല്ലാത്തതുകൊണ്ടു മേൻമയേറിയതും, വില കുറഞ്ഞതുമായ കൈത്തറി തുണിത്തരങ്ങൾ നമുക്ക് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ. അഹമ്മദ് : നൂലിന്റെ ലഭ്യതയെ സംബന്ധിച്ചും, ചായത്തിന്റെ ലഭ്യതയെ സംബന്ധിച്ചുമുള്ള വിഷമതകൾ ഇപ്പോഴില്ല.

ശ്രീ. കെ. പി. രാമൻ : ജനതാ തുണിത്തരങ്ങളുണ്ടാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും വല്ല സഹായവും നമുക്ക് ലഭിക്കുന്നുണ്ടോ?

ശ്രീ. ഇ. അഹമ്മദ് : ജനതാ ഇനത്തിൽപ്പെട്ട തുണിത്തരങ്ങൾ ഉണ്ടാക്കിയാൽ അതിന് ഒരു സ്കെയർമീറ്ററിന് അഞ്ചു രൂപ വീതം കേന്ദ്രഗവൺമെൻറിൽ നിന്നും സബ്സിഡി കിട്ടും ; പക്ഷേ ഇവിടെ ജനതാ തുണിത്തരങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നതുതന്നെ നോ-പ്രോ ഫിറ്റ്, നോ ലോസ് ബേയ്സ്സിലാണ്.

ശ്രീ നാലകത്ത് സൂപ്പി : നമ്മുടെ കൈത്തറി തുണിത്തരങ്ങൾക്ക് അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതു സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ. അഹമ്മദ് : നമ്മുടെ തുണിത്തരങ്ങൾ സഹകാര്യമേഖലയിൽ നിന്ന് വിശിഷ്യാ അന്തർദേശീയ വിപണിയിൽ പോകുന്നുണ്ട്. പക്ഷേ പലപ്പോഴും നമ്മുടെ തുണിത്തരങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വാങ്ങികൊണ്ടുപോയി അവർ അവരുടേതായിട്ടാണ് കയറ്റി അയയ്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : കൈത്തറി തുണി വിദേശത്ത് കയറ്റി അയക്കാനുള്ള ഓർഡർപ്രകാരം ബോംബെയിലെ ലീലാ ലെയ്സ്, മദ്രാസിലെ ഡക്കാൺ എൻടർപ്രൈസസ്, മദ്രാസിലെതന്നെ വിക്രാൻ കമ്പനി എന്നീ മൂന്നു കമ്പനികളും ഹാൻഡ്ലൂം ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെ തുണികയറ്റി അയച്ച് കള്ള വൗച്ചർ എഴുതി പണം തട്ടിയെടുത്തതിനെക്കുറിച്ച് സി. ബി. ഐ. യെ ക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ് : കൈത്തറിത്തുണി ഹാൻഡ്ലൂം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നല്കിയിട്ടുള്ള കാട്ടുപ്രകാരമാണ് കയറ്റി അയച്ചിരുന്നത്. അത് കോർപ്പറേഷനേറയല്ല, ഇപ്പോഴുള്ള ചില കമ്പനികളുടേതാണെന്നും, അത് തെറ്റാണെന്നുമുള്ള കാര്യങ്ങൾ ഗവർമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതേക്കുറിച്ചുള്ള ശരിയായ നടപടികൾ എടുക്കേണ്ടതു ബോർഡാണ് എന്നുള്ളതുകൊണ്ട് അത് ബോർഡ് അന്വേഷിച്ചുവരികയാണ്. ഇതിനും പുറമേ ഉദ്യോഗസ്ഥൻമാർ കുറ്റം ചെയ്തിട്ടുണ്ടോ എന്നു കണ്ടു പിടിക്കാനായി വിജിലൻസിനു ഗവൺമെൻറ് ഈ കേസ് റഫർ ചെയ്തിരിക്കുകയുമാണ്.

വനവിഭവങ്ങൾ

*241 (262) ശ്രീ. സി. ടി. അഹമ്മദ് അലി :
,, പി. സീതി ഹാജി :
,, പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വനവിഭവങ്ങൾ ഏതെല്ലാം ;

(ബി) സംസ്കരിച്ചും ഉപകരണങ്ങളാക്കിയും കയറ്റുമതി ചെയ്യുന്ന വനവിഭവങ്ങൾ ഏതെല്ലാം ;

(സി) തൻമൂലമുള്ള ശരാശരി പ്രതിവർഷ വരുമാനമെത്ര?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) (വീട്ടി, തേക്ക്, ചന്ദനം, തേമ്പാവ് തുടങ്ങിയ തടികൾ മുള, ആനക്കൊമ്പ്, മറ്റ് ചെറുകിട വനവിഭവങ്ങൾ, പച്ചമരുന്നുകൾ, തടിയിൽ നിന്നും ലഭിക്കുന്ന ഓയിലുകൾ, പശ, വാർണിഷുകൾ, മരത്തൊലികൾ, വേരുകൾ, ചന്ദനത്തടിയുടേയും വീട്ടിമരത്തിൻേറയും വേരുകൾ, കരിമരങ്ങളുടെ ഇലകളും പൂവുകളും ഫലങ്ങളും, പുല്ലുകൾ, ഈറ തുടങ്ങിയ ചെറുതരം ചെടികൾ, തേൻ, മെഴുക്, കോലരക്ക്, മുകിൽമണ്ണ്, പാറ, ചെങ്കല്ല്, ചുണ്ണാമ്പുകല്ല്, മിനറൽസ്, മിനറൽസ് ഓയിൽ തുടങ്ങിയവ ഇവയിൽ ഉൾപ്പെടും.

(ബി) പ്ലൈവുഡ്, വെനീർ ഗൃഹോപകരണങ്ങൾ, ഗൃഹനിർമ്മിതാവശ്യമുള്ള സാധനങ്ങൾ, കരകൗശലവസ്തുക്കൾ, ചന്ദനത്തൈലം, ചന്ദന ചിപ്സ് ഈ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly